## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1739** **12-09-2023 - ൽ മറുപടിയ്ക്ക്**

## നാളികേര ഉത്പാദനം വർദ്ധിപ്പിക്കാൻ നടപടി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. കുറുക്കോളി മൊയ്തീൻ</th><th colspan="2">ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ കഴിഞ്ഞ അഞ്ച് വർഷത്തെ നാളികേര ഉത്പാദനത്തിന്റെ കണക്ക് ലഭ്യമാക്കുമോ;</td><td>(എ)</td><td>2017-18 മുതൽ 2021-22 വരെയുള്ള നാളികേര ഉത്പാദനത്തിന്റെ കണക്ക് (സാമ്പത്തിക സ്ഥിതി വിവരകണക്കു വകുപ്പ്, കേരള) ചുവടെ ചേർക്കുന്നു. 2022-23 വർഷത്തെ കണക്ക് തയ്യാറായിട്ടില്ല.<br><br>
<table>
<tr><th>വർഷം</th><th>ഉത്പാദനം (എണ്ണം മില്യണിൽ)</th></tr>
<tr><td>2017-18</td><td>5230</td></tr>
<tr><td>2018-19</td><td>5299</td></tr>
<tr><td>2019-20</td><td>4814</td></tr>
<tr><td>2020-21</td><td>4788</td></tr>
<tr><td>2021-22</td><td>5535</td></tr>
</table></td></tr>
<tr><td>(ബി)</td><td>പ്രസ്തുത കാലയളവിൽ നാളികേരം സംഭരിച്ചതിന്റെ കണക്ക് ലഭ്യമാക്കുമോ;</td><td>(ബി)</td><td>പ്രസ്തുത കാലയളവിൽ കേരഫെഡ് നേരിട്ടും, കേരഫെഡ് സഹകരണ സംഘങ്ങൾ, എഫ്.പി.ഒ കൾ മുഖേനയും, കേരഫെഡ് വി.എഫ്.പി.സി.കെ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ മുഖേനയും നടത്തിയിട്ടുള്ള പച്ചത്തേങ്ങാ സംഭരണത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>വർഷം</th><th>പച്ചത്തേങ്ങാ സംഭരണത്തിന്റെ അളവ് (MT)</th></tr>
<tr><td>2017-18 – മുതൽ 2020-21 വരെ</td><td>കൃഷി വകുപ്പ് മുഖേന സംഭരിച്ചിട്ടില്ല.</td></tr>
<tr><td>2021-22</td><td>38 (കേരഫെഡ് നേരിട്ട് സംഭരിച്ചത്)</td></tr>
<tr><td>2022-23</td><td>12434.02692</td></tr>
<tr><td>2023-24 (31.08.2023 വരെ)</td><td>12872.5086</td></tr>
</table></td></tr>
</table>

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് നാളികേര ഉത്പാദനത്തിൽ കുറവുണ്ടാകുന്നതിന്റെ കാരണം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ; വിശദവിവരം ലഭ്യമാക്കുമോ? | (സി) | കൃഷി വകുപ്പ് സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് മുഖേന നടത്തിയ പഠനാടിസ്ഥാനത്തിൽ നാളികേര ഉല്പാദനത്തിൽ കുറവ് വരാനുള്ള കാരണങ്ങൾ കേരളത്തിലെ തെങ്ങു കൃഷിക്ക് ലഭ്യമായ സ്ഥലപരിമിതി, ഭൂമിയുടെ തുണ്ടുവൽക്കരണം, വർദ്ധിച്ച പരിപാലന കൂലിച്ചെലവ്, വളങ്ങളുടെ അമിത വില, തെങ്ങു കയറ്റ കൂലിച്ചെലവ് എന്നിവയാണ് എന്ന് വിലയിരുത്തിയിട്ടുണ്ട്. അത് പരിഹരിക്കുന്നതിനായി കേരഗ്രാമം പദ്ധതി ആസൂത്രണം ചെയ്ത് 2014-15 വർഷം മുതൽ നടപ്പിലാക്കി വരുന്നു. കേരഗ്രാമം പദ്ധതിയിൽ സമഗ്രമായി തെങ്ങു കൃഷിയെ പരിപാലിക്കുന്നതിൽ ഊന്നൽ നൽകുന്നു. 100 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിയ്ക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവ വള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളക്കൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനു പുറമെ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.<br><br>കൂടാതെ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ വഴി നാളികേരത്തിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്. നാളികേര കൃഷിയിലെ കീടരോഗനിയന്ത്രണം ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ശാസ്ത്രീയ മാർഗങ്ങൾ അവലംബിച്ചുകൊണ്ടുള്ള പരിശീലന പരിപാടികൾ എന്നിവയുടെ നടത്തിപ്പിലൂടെ നാളികേര കൃഷിയിലെ ഉത്പാദന വർദ്ധനവ് രേഖപ്പെടുത്തുകയുമുണ്ടായിട്ടുണ്ട്.<br><br>സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപാദനം, ഉൽപാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ സംസ്ഥാന സർക്കാർ നാളികേര |

വികസന കൗൺസിൽ രൂപികരിച്ചു. സംസ്ഥാനത്തെ നാളീകേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി പ്രയാധിക്യം വന്നതും, രോഗം ബാധിച്ചതും ഉല്പാദനക്ഷമത നശിച്ചുതുമായ തെങ്ങുകളെ മുറിച്ചുമാറ്റി അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിച്ച് നിലവിലുള്ളവ ശാസ്ത്രീയമായി പരിപാലിച്ച് നാളികേര ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുക, നാളികേരത്തിന്റെ മൂല്യവർദ്ധനവും, വിപണനവും ശക്തിപെടുത്തുക എന്നിവയാണ് പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

കേരള കാർഷിക സർവകലാശാല (കെ.എ.യു), നാളികേര വികസന ബോർഡ് (സി.ഡി.ബി),കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി.ആർ.ഐ), കൃഷി വകുപ്പ് എന്നിവയുടെ തെങ്ങിൻ തൈ ഉല്പാദന കേന്ദ്രങ്ങളിൽ ഉത്പാദിപ്പിച്ച തെങ്ങിൻ തൈകൾ സംസ്ഥാനത്തെ ഓരോ വാർഡിലും 75 വീതമെങ്കിലും 50% സബ്സിഡി നിരക്കിൽ പുതതായി ഓരോ വർഷവും വിതരണം ചെയുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നു വരികയാണ്. പ്രായം ചെന്നതും ഉല്പാദനക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉല്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞ/കുറിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻതോപ്പുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, വിത്തുതേങ്ങകൾ ലഭിക്കുന്നതിനായി തെങ്ങിൻതോപ്പുകൾ വികസിപ്പിക്കുക, എന്നിവയാണ് നടപ്പിലാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ.

കൂടാതെ ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉത്പാദനത്തിനായി നാളീകേര വികസന ബോർഡിന്റെ പദ്ധതിയായ "എസ്റ്റാബ്ലിഷ്മെന്റ് ഓഫ് റീജിയണൽ കോക്കനട്ട് നഴ്സറി" 50% കേന്ദ്ര വിഹിതവും 50% സംസ്ഥാന വിഹിതവും ചെലവഴിച്ചു കൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം 4 ലക്ഷം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുന്നതിന് കേന്ദ്ര വിഹിതമായി 64 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 64 ലക്ഷം രൂപയുമായി ആകെ 128 ലക്ഷം രൂപ എന്ന തോതിൽ 2021-22 വർഷത്തിലും 2022-23 വർഷത്തിലും ലഭ്യമാക്കുകയും പ്രസ്തുത തുക ചെലവഴിച്ച് ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കൃഷിവകുപ്പ് ഫാമുകളിൽ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തി വരുകയും ചെയ്യുന്നു. കൂടാതെ 2022-23 വർഷം നാളികേര വികസന ബോർഡ് പദ്ധതി പ്രകാരം കൃഷി വകുപ്പ് ഫാമുകളിൽ 80 ഹെക്ടറിൽ മാതൃകാ തെങ്ങിൻ തോട്ടങ്ങൾ സജ്ജീകരിക്കുന്നതിന് ഹെക്ടറൊന്നിന്

| | | | |
|---|---|---|---|
| | | | 17500 രൂപ നിരക്കിൽ ഒന്നാം വർഷ സഹായധനമായി 14 ലക്ഷം രൂപയും 3 കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനായി ഒരു യൂണിറ്റിന് 40000/- രൂപ നിരക്കിൽ 1.2 ലക്ഷം രൂപയുമായി ആകെ 15.2 ലക്ഷം രൂപ 100% കേന്ദ്ര വിഹിതമായി ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ